**പതിമൂന്നാം കേരള നിയമസഭ**
നാലാം സമ്മേളനം

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1524** | **21.3.2012 ൽ മറുപടിക്ക്** |
|---|---|

## പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കു വേണ്ടി പ്രവാസി കാര്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | എ) തിരിച്ചെത്തിയ പ്രവാസികളിൽ വാർഷിക വരുമാനം 25000 രൂപയിൽ കവിയാത്തവരുടെ ചികിത്സ, മരണാനന്തര ചെലവുകൾ, കുടുംബാംഗങ്ങളുടെ ചികിത്സ, പെൺമക്കളുടെ വിവാഹം എന്നിവയ്ക്കായി സഹായം നല്കുന്നതിനായി സാന്ത്വന എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും ഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ചെയർമാൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വാർഷിക വരുമാനം 50000 രൂപയിൽ കുറവുള്ളവർക്ക് 25000 രൂപ വരെ ചികിത്സാ/മരണാനന്തര സഹായം ഈ പദ്ധതിപ്രകാരം ലഭിക്കും. |
| (ബി) | പ്രവാസി ക്ഷേമനിധിയിൽ എത്ര അംഗങ്ങളാണ് ചേർന്നിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | ബി) 2012 ഫെബ്രുവരി വരെ 85602 പേർ പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വം എടുത്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| | | തിരുവനന്തപുരം 10734 പേർ<br>കൊല്ലം 11793 പേർ<br>പത്തനംതിട്ട 4041 പേർ<br>ആലപ്പുഴ 7050 പേർ<br>കോട്ടയം 2040 പേർ<br>ഇടുക്കി 214 പേർ<br>എറണാകുളം 2965 പേർ<br>തൃശ്ശൂർ 6948 പേർ<br>പാലക്കാട് 3934 പേർ<br>മലപ്പുറം 8642 പേർ<br>കോഴിക്കോട് 11845 പേർ<br>വയനാട് 682 പേർ<br>കണ്ണൂർ 12311 പേർ<br>കാസർഗോഡ് 2403 പേർ |
| (സി) | കൂടുതൽ അംഗങ്ങളെ ചേർക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; | സി) പ്രവാസി ക്ഷേമ ബോർഡിനെക്കുറിച്ചുള്ള വിവരങ്ങൾ മാദ്ധ്യമങ്ങൾ വഴി പ്രസിദ്ധപ്പെടുത്തി പ്രവാസികളെ ബോധവത്കരിക്കുകവഴി ക്ഷേമനിധിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ പ്രധാന പ്രവാസി സംഘടനകളുടെ സംസ്ഥാനതല യോഗം വിളിച്ചു ചേർക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) പ്രവാസികളുടെയും പ്രവാസി സംഘടനകളുടേയും ഒരു യോഗം 'ഗ്ലോബൽ' എൻ.ആർ.കെ. മീറ്റ് '2011 ഡിസംബർ മാസം 29-30 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തിയിരുന്നു. പ്രസ്തുത സംഗമത്തിൽ നിരവധി പ്രവാസികളും പ്രവാസിസംഘടനാ പ്രതിനിധികളും പങ്കെടുത്തിരുന്നു. ഇതുപോലെയുള്ള സംഗമങ്ങൾ രണ്ടുവർഷത്തിലൊരിക്കൽ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ